## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 263 — 28.06.2016 ൽ മറുപടിയ്ക്ക്

### നിത്യോപയോഗ വസ്തുക്കളുടെ വില നിയന്ത്രണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. നൗഷാദ് | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) നിത്യോപയോഗ വസ്തുക്കളുടെ വില നിയന്ത്രിക്കാൻ നൂതന പദ്ധതികൾ ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി മുൻ കാലങ്ങളിൽ നടത്തി വന്നിരുന്ന വിപണി ഇടപെടൽ പദ്ധതി കൂടുതൽ കാര്യക്ഷമമായും ഫലപ്രദമായും ജനോപകാരപ്രദമായും തുടർന്ന് കൊണ്ടു പോകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിനായി സംസ്ഥാന ബജറ്റിൽ അനുവദിച്ചിരുന്ന 70 കോടി രൂപ 150 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. കൂടാതെ വിലക്കയറ്റത്തിന്റെ യഥാർത്ഥ കാരണം മനസ്സിലാക്കി, വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിനുള്ള കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കാനായി 14.06.2016 ന് സംസ്ഥാനത്തെ മൊത്ത വ്യാപാരികളുടെ യോഗം ചേർന്നിരുന്നു. വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സർക്കാരുമായി സഹകരിക്കുന്നതിന് മൊത്ത വ്യാപാരികൾ ഉറപ്പു നൽകിയിട്ടുണ്ട്. |
| (ബി) പലവ്യഞ്ജന സാധനങ്ങൾ അന്യസംസ്ഥാനങ്ങളിലെ കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) കർഷകരിൽ നിന്നും പലവ്യഞ്ജനങ്ങൾ നേരിട്ട് സംഭരിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതാണ്. |
| (സി) പച്ചക്കറി വിഭവങ്ങൾ കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കാൻ നടപടി സ്വീകരിക്കുമോ; ആഭ്യന്തര പച്ചക്കറി കർഷകരെ പ്രോത്സാഹിപ്പിക്കാൻ സിവിൽ സപ്ലൈസ് വകുപ്പ് താലൂക്ക് അടിസ്ഥാനത്തിൽ സംഭരണശാലകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) പച്ചക്കറി കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് പച്ചക്കറി കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്നതിന് സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ പദ്ധതികൾ നിലവിലില്ല. എന്നാൽ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന കൃഷി വകുപ്പിനും അതിനു കീഴിലുള്ള ഹോർട്ടി കോർപ്പ് പോലുള്ള സ്ഥാപനങ്ങൾക്കും സപ്ലൈകോ ഔട്ട് ലെറ്റുകളിലും ഫെയറുകളിലും സ്റ്റാളുകൾ ഒരുക്കാൻ അവസരം നല്കാറുണ്ട്. |

സെക്ഷൻ ഓഫീസർ